**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 773** **24-08-2022 - ൽ മറുപടിയ്ക്ക്**

**സബ് രജിസ്ട്രാർ ട്രെയിനിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | കൂത്താട്ടുകുളത്ത് സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന സബ് രജിസ്ട്രാർ ട്രെയിനിംഗ് സെന്റർ നിലവിൽ എവിടേക്കാണ് മാറ്റി സ്ഥാപിച്ചത് എന്നറിയിക്കാമോ; പ്രസ്തുത സ്ഥലത്ത് അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പോണ്ടിലാണ് ട്രെയിനിംഗ് സെന്റർ മാറ്റി സ്ഥാപിക്കുന്നത്. പ്രസ്തുത സ്ഥലത്ത് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ട്രെയിനിംഗ് സെന്റർ കൂത്താട്ടുകുളത്ത് നിന്നും മാറ്റി സ്ഥാപിക്കാൻ ഇടയായതിന്റെ കാരണം അറിയിക്കുമോ; | (ബി) | ഗതാഗത സൗകര്യവും സ്ഥലസൗകര്യവും കണക്കിലെടുത്ത് തിരുവനന്തപുരം നഗരത്തോട് ചേർന്ന് സ്ഥിതിചെയ്യുന്ന നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിലേയ്ക്ക് ട്രെയിനിംഗ് സെന്റർ മാറ്റുന്നത് അനുയോജ്യമായിരിക്കുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ട്രെയിനിംഗ് സെന്റർ മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചത്. ട്രെയിനിംഗ് സെന്റർ തുടങ്ങാൻ കൂടുതൽ അനുയോജ്യമായ സ്ഥലം നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പോണ്ട് ആണെന്നായിരുന്നു രജിസ്ട്രേഷൻ ഐ.ജി.യുടെ അഭിപ്രായം. ഇത് സംബന്ധിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത സെന്റർ മാറ്റുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി.യുടെ അഭിപ്രായം എന്തായിരുന്നുവെന്ന് അറിയിക്കാമോ; ഇതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി. സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | ഗതാഗത സൗകര്യവും സ്ഥലസൗകര്യവും കണക്കിലെടുത്ത് തിരുവനന്തപുരം നഗരത്തോട് ചേർന്ന് സ്ഥിതിചെയ്യുന്ന നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിലേയ്ക്ക് ട്രെയിനിംഗ് സെന്റർ മാറ്റുന്നത് അനുയോജ്യമായിരിക്കുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ട്രെയിനിംഗ് സെന്റർ മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചത്. ട്രെയിനിംഗ് സെന്റർ തുടങ്ങാൻ കൂടുതൽ അനുയോജ്യമായ സ്ഥലം നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പോണ്ട് ആണെന്നായിരുന്നു രജിസ്ട്രേഷൻ ഐ.ജി.യുടെ അഭിപ്രായം. ഇത് സംബന്ധിച്ച് രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത സ്ഥാപനം മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി. സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | ഗതാഗത സൗകര്യവും സ്ഥലസൗകര്യവും കണക്കിലെടുത്ത് തിരുവനന്തപുരം നഗരത്തോട് ചേർന്ന് സ്ഥിതിചെയ്യുന്ന നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിലേയ്ക്ക് ട്രെയിനിംഗ് സെന്റർ മാറ്റുന്നത് അനുയോജ്യമായിരിക്കുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ട്രെയിനിംഗ് സെന്റർ മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചത്. ട്രെയിനിംഗ് സെന്റർ തുടങ്ങാൻ കൂടുതൽ അനുയോജ്യമായ സ്ഥലം നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പോണ്ട് ആണെന്നായിരുന്നു രജിസ്ട്രേഷൻ ഐ.ജി.യുടെ അഭിപ്രായം. ഇത് സംബന്ധിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

417

ന(1)റ്റി4/15104/2015

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെകാര്യാലയം
വഞ്ചിയൂർ,തിരുവനന്തപുരം
regig@kerala.nic.in
www.keralaregistration.gov.in
Phone: 0471-2472118/2472110/2474782
Fax:0471-2462608

04.08.2016

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ
തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി
നികുതി (ഇ) വകുപ്പ്,
സെക്രട്ടേറിയേറ്റ്,
തിരുവനന്തപുരം

സർ,

വിഷയം:-രജിസ്ട്രേഷൻ വകുപ്പ് – ഐ.റ്റി. - എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം കേന്ദ്രമാക്കി പരിശീലന കേന്ദ്രം സ്ഥാപിക്കുന്നത് - അനുയോജ്യമായ മറ്റ് ഏതെങ്കിലും സ്ഥലം - സംബന്ധിച്ച്

സൂചന:- - സർക്കാരിന്റെ 26.07.2016 ലെ നികുതി – ഇ3/142/2016/നികുതി നമ്പർ കത്ത്

സൂചന കത്തിലേയ്ക്ക് അങ്ങയുടെ ദയവായ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ നേമം സബ് രജിസ്ട്രാർ ആഫീസ് സ്ഥിതി ചെയ്യുന്നത് വകുപ്പിന്റെ ഉടമസ്ഥതയിൽ ഉള്ള 56 സെന്റ് സ്ഥലത്താണ്. തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ നിന്നും കേവലം 8 കിലോമീറ്റർ മാത്രം അകലത്തിലുള്ളതും നാഷണൽ ഹൈവേയ്ക്ക് അരികിൽ സ്ഥിതി ചെയ്യുന്നതും തിരുവനന്തപുരം കോർപ്പറേഷൻ പരിധിയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്നതുമായ പ്രസ്തുത ആഫീസിലേയ്ക്ക് വാഹന സൗകര്യം ധാരാളം ഉള്ളതിനാൽ എത്തിച്ചേരുവാൻ അനായാസവുമാണ്. തിരുവനന്തപുരം സിറ്റിയിൽ നിന്നും കേവലം 10 മിനിറ്റ് യാത്ര ചെയ്താൽ പ്രസ്തുതത ആഫീസിൽ എത്തിച്ചേരുവാൻ സാധിയ്ക്കുന്നതാണ്. ഭാവിയിൽ ഹോസ്റ്റൽ, വാഹന പാർക്കിംഗ് മുതലായ ആവശ്യങ്ങൾക്ക് മതിയായ സ്ഥല സൗകര്യവും ഈ ആഫീസ് കോമ്പൗണ്ടിൽ ലഭ്യമാണ്. പി.ഡബ്ളിയു.ഡി. കെട്ടിട വിഭാഗം സമർപ്പിച്ചിരിയ്ക്കുന്ന പ്ളാൻ അനുസരിച്ചുള്ള കെട്ടിടം പണിയു

04.08.16

FCD 00.

414

ന്നതിന് പ്രസ്തുതത സ്ഥലം പര്യാപ്തവുമാണ്. നിലവിൽ നേമം സബ് രജിസ്ട്രാർ ആഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് 60 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതാണ്.

പട്ടം സബ് രജിസ്ട്രാർ ആഫീസ് കെട്ടിടം അടുത്ത കാലത്ത് നവീകരണപ്രവർത്തനങ്ങൾ പൂർത്തിയാക്കി അനുയോജ്യമായ അവസ്ഥയിലാണ്. ഈ ആഫീസ് കോമ്പൗണ്ടിൽ ട്രെയിനിംഗ് സെന്റർ ആരംഭിയ്ക്കണമെങ്കിൽ ടി കെട്ടിടം നീക്കം ചെയ്ത് മാത്രമേ പുതിയ കെട്ടിടം നിർമ്മിയ്ക്കുന്നതിന് സാധിയ്ക്കുകയുള്ളൂ. തിരുവനന്തപുരം മുട്ടടയിൽ സ്ഥിതിചെയ്യുന്ന ഈ ആഫീസിൽ എത്തിച്ചേരുന്നതിന് പൊതു ഗതാഗത സൗകര്യം കുറവാണ്.

മേൽ പറഞ്ഞ വസ്തുതതകളുടെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് സെന്റർ തുടങ്ങുവാൻ ഏറ്റവും അനുയോജ്യമായ സ്ഥലം നേമം സബ് രജിസ്ട്രാർ ആഫീസ് കോമ്പൗണ്ട് ആണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനുവേണ്ടി